# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:1118** **10.08.2017-ൽ മറുപടിയ്ക്ക്**

## എ.ഐ.പി.സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനാംഗീകാരം

**ചോദ്യം** **ഉത്തരം**

ശ്രീ . ജോർജ് എം.തോമസ്

പ്രൊഫ : സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) ഏരിയ ഇന്റൻസീവ് പ്രോഗ്രാമിലൂടെ സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ച സ്കൂളുകളിൽ നിയമിതരായ ഒരു വിഭാഗം അദ്ധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കാത്ത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

സി) വർഷങ്ങളായി ശമ്പളമില്ലാതെ ജോലി ചെയ്യുന്ന ഇവർക്ക് നിയമനാംഗീകാരം ലഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

എ) യും ബി) യും സി) യും

ഉണ്ട്. ഏരിയ ഇന്റൻസീവ് പ്രോഗ്രാമിൽ ഉൾപ്പെട്ട സ്കൂളുകളിൽ 238 സർക്കാർ അംഗീകൃത തസ്തികകൾക്ക് മാത്രമേ സർക്കാർ ശമ്പളം നൽകാൻ ഉത്തരവുള്ളൂ. ഏരിയാ ഇന്റൻസീവ് പ്രോഗ്രാം പ്രകാരം പ്രവർത്തിക്കുന്ന 35 സ്കൂളുകൾക്ക് എയിഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ഈ സ്കൂളുകളിലെ നിലവിലുള്ള സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ